Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യു എ/JB/E6(B)/8122/2011

തീയതി: 20.01.2021

**<u>സർക്കുലർ</u>**

വിഷയം:- കെഡബ്ല്യൂഎ - എസ്റ്റാ - 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾ - ഭൂസ്വത്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് 2020 ലെ പത്രിക സമർപ്പണത്തിനുള്ള സമയം നീട്ടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1. നം.630/എസ്.സി1 / പൊ.ഭ.വ/(എസ്.സി) തീയതി 05 .01 .2021
2.16.12.2020 തീയതിയിലെ കെഡബ്ല്യൂഎ/ ജെബി/ ഇ 6(ബി)/ 8122/ 2011 -ാം നമ്പർ സർക്കുലർ.
3.10.12.2020 തീയതിയിലെ 17157/ഇ 1/ 2020കെഡബ്ല്യൂഎ - -ാം നമ്പർ സർക്കുലർ.

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 37 പ്രകാരവും സൂചന (1) ൽ പറയുന്ന വിജ്ഞാപന പ്രകാരവും പാർട്ട്-ടൈം കണ്ടിജൻറ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും ഓരോ വർഷവും ജനുവരി 15- നകം മുൻവർഷാവസാനത്തിൽ അവരുടെ കൈവശത്തിലോ, അവർക്ക് മറ്റ് ഏതെങ്കിലും അവകാശത്താലോ ആർജ്ജിച്ചിട്ടുള്ളതുമായ സ്ഥാവര ജംഗമ വസ്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച് ഓരോ പത്രിക G SPARK മുഖേന സമർപ്പിക്കണമെന്ന് സൂചന 1 പ്രകാരം നിർദ്ദേശിച്ചിരുന്നു.
G SPARK മുഖേനയുള്ള പത്രിക സമർപ്പണം ആദ്യമായി നടപ്പാക്കുന്നതിനാലും നിലവിലെ കോവിഡ്-19 ൻറെ സാഹചര്യം പരിഗണിച്ചും, 2020 ലെ സ്വത്തു വിവരം സംബന്ധിച്ച പത്രികാ സമർപ്പണത്തിനായി അനുവദിച്ച സമയം 2021 ജനുവരി 31 വരെ നീട്ടി നൽകുന്നു. കടലാസ് മുഖേനയുള്ള പത്രികാ സമർപ്പണം ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. പത്രികാ സമർപ്പണം ഓൺലൈൻ വഴി നടത്തുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

Madhusoodana Kumar S
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-
1.എല്ലാ ഓഫീസ് മേധാവികർക്കും - ജീവനക്കാർക്കിടയിൽ സർക്കുലേറ്റ് ചെയ്യുന്നതിന്.
2.നോഡൽ ഓഫീസർ G SPARK.
3.ഔദ്യോഗിക വെബ്സൈറ്റ്.

Draft #5 of File KWA/JB/E6(B)/8122/2011 Approved by Senior Administrative Officer on 20-Jan-2021 04:55 PM - Page 1

Draft #5 of File KWA/JB/E6(B)/8122/2011 Approved by Senior Administrative Officer on 20-Jan-2021 04:55 PM - Page 2

The document is digitally approved. Hence signature is not needed.